കണ്ണൂർ ജില്ലാ പഞ്ചായത്ത്
ഡയറ്റ് കണ്ണൂർ

## SSLC മുകുളം മാതൃകാ പരീക്ഷ

ഫിബ്രവരി -2019
കേരളപാഠാവലി

Time:1½hrs Score:40

---

**നിർദ്ദേശങ്ങൾ**

- ആദ്യ 15 മിനുട്ട് സമാശ്വാസ സമയമാണ്. ഇത് ചോദ്യങ്ങൾ വ്യക്തമായി വായിച്ചു മനസ്സിലാക്കാൻ ഉപയോഗപ്പെടുത്തണം.
- സമാശ്വാസ സമയത്ത് ഉത്തരങ്ങൾ എഴുതാൻ പാടുള്ളതല്ല.
- ഉത്തരമെഴുതുമ്പോൾ സ്കോർ,സമയം എന്നിവ പരിഗണിക്കണം.

---

**1 മുതൽ 4 വരെ ചോദ്യങ്ങൾക്ക് ശരിയായ ഉത്തരം തിരഞ്ഞെടുത്തെഴുതുക. (4x1=4)**

1. ''ദെയിവങ്ങളേ,തമ്പിരാക്കന്മാരേ'' - വെള്ളായിയപ്പൻ വിളിച്ചു.
   -വെള്ളായിയപ്പന്റെ ഈ വിളിയിൽ പ്രതിഫലിക്കുന്ന ഭാവമെന്ത്?
   - സന്തോഷം
   - പ്രതീക്ഷ
   - നിസ്സഹായത
   - ഭയം
2. ഭീമന്റെ പുത്രി - ഭൈമി
   സുമിത്രയുടെ പുത്രൻ......................
   - സൗമിത്രൻ
   - സൗമിത്രി
   - സുമിത്രൻ
   - സൗമിത്രേ
3. 'അതിനാൽ വളരെയധികം നിരൂപകന്മാർ ഇതിന്റെ കർത്തൃത്വം കാളിദാസനിൽ ആരോപിക്കുന്നതിനു തന്നെ മടിക്കുന്നുണ്ട്.' - ഋതുസംഹാരം എന്ന കൃതിയെക്കുറിച്ച് നിരൂപകന്മാർ ഇത്തരമൊരു നിലപാട് സ്വീകരിച്ചതിനു കാരണമെന്ത്?
   - ആറുസർഗ്ഗങ്ങൾ മാത്രമുള്ളതിനാൽ
   - ലളിതഭാഷയിലായതിനാൽ
   - പ്രകൃതി സ്നേഹവും സൂക്ഷ്മനിരീക്ഷണശക്തിയും നിഴലിച്ചതിനാൽ
   - ഗാംഭീര്യമുള്ള ആശയങ്ങളോ അനുബന്ധമായ ജീവിതനിരീക്ഷണമോ ഇല്ലാത്തതിനാൽ
4. ദിഗ്വജയത്തിനെൻ സർഗശക്തിയാ-
   മിക്കുതിരയെ വിട്ടയക്കുന്നു ഞാൻ! – സർഗശക്തിയിൽ കവിക്കുള്ള ആത്മവിശ്വാസമാണ് ഈ വരികളിൽ പ്രകടമാകുന്നത്. ഇതുമായി ബന്ധമില്ലാത്തതേത്?

- മനുഷ്യചിന്തയെ മാറ്റിമറിക്കാൻ സർഗശക്തിക്ക് ഇന്നുവരെ സാധിച്ചിട്ടില്ല.
- സർഗശക്തി മനുഷ്യനെ സ്വാധീനിക്കുന്നു.
- സാമൂഹ്യപുരോഗതി മനുഷ്യന്റെ സർഗശക്തിയെ ആശ്രയിക്കുന്നു.
- മനുഷ്യചരിത്രത്തിൽ സർഗശക്തിക്ക് പ്രധാനസ്ഥാനമുണ്ട്.

**5 മുതൽ 9 വരെ ചോദ്യങ്ങളിൽ ഏതെങ്കിലും നാലെണ്ണത്തിന് ഉത്തരമെഴുതുക. (4x2=8)**

5. 'ധന്യയായ് സപദി കാൺകമൂലമ-
   ങ്ങെന്നെയോർക്കുകിലുമോർത്തിടായ്കിലും'
   -താൻ ധന്യയായി എന്നു നളിനി കരുതുന്നതിന് അടിസ്ഥാനമായ രണ്ടു വസ്തുതകൾ എഴുതുക. .
6. 'ദുഷ്കരമായിട്ടൊന്നുമില്ല കേൾ
   മത്സഹായമുണ്ടായാലേവനും'
   – ഈ വാക്കുകളിലൂടെ കലി ലക്ഷ്യമാക്കുന്നതെന്തല്ലാം. രണ്ടു സൂചനകൾ എഴുതുക.
7. 'ഒടുവിൽ കുരിശിൽനി-
   ന്നിറക്കീ ജഡം!താഴെ'
   – കവിതയുടെ തുടക്കത്തിൽ തന്നെ 'ഒടുവിൽ' എന്നു പ്രയോഗിച്ചിരിക്കുന്നതിന്റെ ഔചിത്യം വ്യക്തമാക്കുക.
8. മഞ്ഞും തിമിരവും ചേർന്ന് ഇതളുകൾ നൽകിയ വെളിച്ചത്തിന്റെ ഒറ്റബിന്ദു. ഒരേ യൊരു വെളുത്തപൂവെച്ച ഏകാന്തമായ ശവകുടീരമാക്കി വീടിനെ മാറ്റിക്കാണിച്ചു.
   – ഇവിടെ വീടിനെ ശവകുടീരമാക്കി കല്പിച്ചിരിക്കുന്നത് എത്രമാത്രം അനുയോജ്യമാണ്. രണ്ടു നിരീക്ഷണങ്ങൾ എഴുതുക.
9. കാലാഹിനാ പരിഗ്രസ്തമാം ലോകവു-
   മാലോലചേതസാ ഭോഗങ്ങൾ തേടുന്നു
   – ഇവിടെ കാലത്തെ പാമ്പായി കണക്കാക്കിയതിന്റെ യുക്തിയെന്ത്?

**10 മുതൽ 14 വരെ ചോദ്യങ്ങളിൽ ഏതെങ്കിലും നാലെണ്ണത്തിന് ഉത്തരമെഴുതുക. (4x4=16)**

10. അമ്മ ചോദിച്ചു: "എടാ, ഈ കാന്തി ഞമ്മടെ പഷ്ണി തീർക്കുവോ?"

    ഒരു വലിയപ്രശ്നം , ഭാരതത്തെ ആകമാനം ബാധിക്കുന്നത്. അതേപ്പറ്റി ഒന്നും എനിക്ക് അറിഞ്ഞുകൂടാ. എങ്കിലും ഞാൻ പറഞ്ഞു:

    ''ഭാരതം സ്വതന്ത്രമായാൽ നമ്മുടെ പട്ടിണി തീരും.!''

-സ്വതന്ത്രഭാരതത്തെക്കുറിച്ച് അക്കാലത്തെ മനുഷ്യർക്കുണ്ടായിരുന്ന കാഴ്ചപ്പാടാണ് ഉമ്മയുടെയും മകന്റെയും സംഭാഷണത്തിലൂടെ തെളിയുന്നത്. ഇത് സാക്ഷാത്ക്കരിക്കപ്പെ ട്ടുവോ? നിങ്ങളുടെ അഭിപ്രായം സമർഥിക്കുക.

11. മിസ്സിസ് തലത്ത് ഒരു യജമാനത്തിയുടെ അകൽച്ച പാലിച്ചുകൊണ്ട് മന്ദഹസിച്ചു കൈനീട്ടി. പക്ഷേ, ആ പാണികൾ ഗ്രഹിച്ചപ്പോൾ ഇന്നത്തെപ്പോലെയുള്ള ചൂട് ഇല്ലാ യിരുന്നുവെന്ന് അയാളോർത്തു.

    അവർ ബെഞ്ചിൽ അയാൾക്കടുത്തിരുന്നു. കാപ്പി ചൂടാറ്റി ഒഴിച്ചുകൊണ്ടിരുന്നു. വീണ്ടും വീണ്ടും അവർ ഒഴിച്ചു. അയാൾ കുടിച്ചു.

- മാഡം തലത്തിനുണ്ടാകുന്ന മാറ്റമാണ് സുധീറിന്റെ അനുഭവങ്ങളിൽ തെളിയുന്നത്. ഈ മാറ്റത്തിനടിസ്ഥാനമായ ജീവിത സാഹചര്യമെന്ത്? ലഘുകുറിപ്പു തയാറാക്കുക.

12. വിശപ്പതി കഠിനത്താൽ

ചവർപ്പൊന്നും ഓർത്തിടാതെ

കരക്കാപുളിനെൽ ഞാറപ്പഴവും

വെളിഞ്ചേമ്പും പടൽ ചീനി

ഇവയെല്ലാം ഭുജിപ്പതും

മറപ്പതിനെനിക്കേറ്റം സങ്കടം തന്നെ — **- പൊയ്കയിൽ അപ്പച്ചൻ**

ഒരു പക്ഷേ, ഞങ്ങളുടെ വിശപ്പും വയറും മാത്രമല്ല, ഞങ്ങളേയും ത്രാസിൽ വച്ച് തൂക്കി നോക്കണം. ദിവസം മുഴുവൻ അലഞ്ഞു നടന്ന് വാരിക്കൂട്ടുന്ന ചവറിന്റെ തൂക്കവും വിലയുമെങ്കിലുമുണ്ടോ ഞങ്ങളെപ്പോലുള്ള മനുഷ്യർക്ക്? **- ശരൺകുമാർ ലിംബാളെ**

- പാർശ്വവൽക്കരിക്കപ്പെട്ട മനുഷ്യരുടെ ജീവിതാവസ്ഥകളാവിഷ്കരിക്കുന്നതിൽ ഇരു സന്ദർഭങ്ങളും എത്രമാത്രം ശക്തമാണ്? വിശകലനം ചെയ്ത് കുറിപ്പ് തയാറാക്കുക.

13. ജീവിതാനുഭവങ്ങൾ സർഗ്ഗപ്രതിഭകളെ സവിശേഷരീതിയിൽ സ്വാധീനിക്കുന്നതിലൂടെയാണ് സാഹിത്യം ജനിക്കുന്നത്.-'ഞാൻ കഥാകാരനായ കഥ' എന്ന ലേഖനത്തെ അടിസ്ഥാനമാക്കി ഈ പ്രസ്താവനയോട് പ്രതികരിക്കുക.

14. വീണ്ടുമുണർന്നാക്കുളുർവെണ്ണ-

ക്കല്ലിനു മീതെ നിന്റെ ചുറ്റികയൊരു കരി-

വണ്ടുപോൽ ചുറ്റിപ്പറന്നുളിതൻ നിറുകയിൽ

ചുംബിക്കും ഹർഷോന്മാദസീൽക്കാരം കേൾക്കുന്നു ഞാൻ!

- ഈ വരികളുടെ കാവ്യഭംഗി വിശദീകരിക്കുക.

**15,16 ചോദ്യങ്ങളിൽ ഒന്നിനുമാത്രം ഉത്തരമെഴുതുക.** **(1x6=6)**

15. ഒരു നിമിഷം

തണുത്താറിയ ഉരുളക്കിഴങ്ങിൽ മുള്ളുമുട്ടിച്ച് തന്റെ ഭർത്താവിന്റെ അച്ഛൻ ശൂന്യമായ ദൃഷ്ടിയുമായി ഇരിക്കുന്നതു കണ്ട് ജൂലിയാന മുഖം തിരിച്ച് അങ്ങോട്ടു നോക്കി.

**(ഉരുളക്കിഴങ്ങുതിന്നുന്നവർ)**

ഉപകരണവിശേഷം കൊണ്ട് ചിത്രകലയ്ക്കു സംഭവിച്ചിട്ടുള്ള ഒരു ന്യൂനത കാലപരിമിതിയാണ്. ഒരേയൊരു നിമിഷം മാത്രമേ ഒരു ചിത്രത്തിൽ പ്രകാശിപ്പിക്കുവാൻ നിവൃത്തിയുള്ളൂ. **(ചിത്രകലയും കാവ്യകലയും)**

'ഉരുളക്കിഴങ്ങുതിന്നുന്നവർ' എന്ന ചിത്രത്തിന്റെ കാലപരിമിതിയെ മറികടക്കാൻ അതേ പേരിലുള്ള കഥയ്ക്കായിട്ടുണ്ടോ? എം.പി.പോളിന്റെ നിരീക്ഷണത്തെ മുൻനിർത്തി പ്രതികരണക്കുറിപ്പ് തയാറാക്കുക.

16. 'മനുഷ്യന് എല്ലാ ചുമടുകളും ഇറക്കിവയ്ക്കാനൊക്കുമോ? സഹിക്കാനൊന്നുമില്ലാത്ത ജീവിതം യഥാർഥത്തിൽ ജീവിതമാണോ?'

'ഓരോ ദുരന്തവും ജീവിതത്തെ കൂടുതൽ സ്നേഹിക്കാനാണ് എന്നെ പഠിപ്പിച്ചത്'

**(ആത്മാവിന്റെ വെളിപാടുകൾ)**

– നൽകിയിരിക്കുന്ന പാഠസന്ദർഭങ്ങൾ വിശകലനം ചെയ്ത് 'ദസ്ത്യോവ്സ്കി- എഴുത്തും ജീവിതവീക്ഷണവും' എന്ന വിഷയത്തിൽ ഒരു ലഘൂപന്യാസം തയാറാക്കുക.

17. **ആസ്വാദനം തയാറാക്കുക.** **(1x6=6)**

**ഓണവെളിച്ചം**

വെണ്ണിലാവോളമായ്,പ്പൊൻവെയിൽ നാളമായ്
മണ്ണിന്റെ മക്കൾക്കുമത്തിയറ്റി
മാവേലിമന്നന്റെ മാലാറ്റും പുഞ്ചിരി
മാമലനാടിനെ സ്പർശിച്ചല്ലോ.
ആ വിശ്വവന്ദ്യൻ തന്നാശിർ വചനങ്ങ-
ളാറ്റിലും കാറ്റിലും കേൾക്കായല്ലോ.
ഇങ്ങേതു പാഴ്മരക്കൊമ്പിലും പക്ഷികൾ
സംഗീതമേളം തുടർന്നാരല്ലോ.
ഭൂമിയിൽ പച്ചപ്പും മർത്ത്യഹൃദയത്തിൽ
പ്രേമക്കുളിർമ്മയും വ്യാപിച്ചല്ലോ.
പാടത്തും തോപ്പിലും പൂതേടും മക്കളേ
പാടിക്കൊണ്ടങ്ങിങ്ങലയുവോരേ
മായാതെ നിൽക്കാവൂ, നിങ്ങളിലെന്നെന്നു-
മീയോണനാളുകൾ തൻ വെളിച്ചം
ഭാവിതൻ മുൾച്ചെടിപ്പൂക്കളൊക്കെകൾക്കു
നോവാതെ നുള്ളുവാനൊക്കും വണ്ണം.

**– ബാലാമണിയമ്മ**

മത്ത് ഇയറ്റി -ആനന്ദലഹരിയുണ്ടാക്കി

മാല് ആറ്റി - ദുഃഖം ഇല്ലാതാക്കി